**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1912** **04-02-2026 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷക്ഷേമ പദ്ധതികൾക്ക് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ ബജറ്റിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക,അതിൽ അനുവദിച്ച തുക, അതിൽ ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | **ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ ബജറ്റിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അതിൽ അനുവദിച്ച തുക, അതിൽ ചെലവഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - ആയി ചേർക്കുന്നു.** |
| (ബി) | ന്യൂനപക്ഷക്ഷേമ പദ്ധതികളിൽ ഏതിലെങ്കിലും ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ കുടിശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശികയുടെ വിശദാംശവും എന്നുമുതലാണ് കുടിശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | കുടിശ്ശികയില്ല |
| (സി) | ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ വകയിരുത്തുന്ന തുക മുഴുവൻ അനുവദിക്കുന്നതിനും അവയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനും ആനുകൂല്യങ്ങളും ധനസഹായവും കുടിശികയില്ലാതെ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ക്ഷേമപദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫണ്ട് വിതരണം ത്വരിതപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ റിവ്യൂ മീറ്റിംഗുകൾ ചേരുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾക്ക് 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക മുഴുവൻ അനുവദിക്കുന്നതിനും അവയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | നോൺ പ്ലാൻ | | പ്ലാൻ | |
|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
| 2016-17 | 140421000 | 110220525 | 1073374000 | 945914000 |
| 2017-18 | 150771000 | 134599143 | 990000000 | 823597390 |
| 2018-19 | 158075000 | 144942808 | 1101123000 | 734488828 |
| 2019-20 | 157626000 | 157692866 | 637500000 | 247456900 |
| 20-21 | 146228000 | 129540973 | 524101000 | 320371034 |
| 21-22 | 245397000 | 206898065 | 1240353000 | 1087752362 |
| 22-23 | 178633000 | 127890969 | 760100000 | 313639667 |
| 23-24 | 171686000 | 144498664 | 760100000 | 199583941 |
| 24-25 | 175285000 | 159029790 | 981970000 | 424434764 |
| 25-26 | 205131000 | 110066630 | 1056300000 | 240909343 |

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.ഐ.സി. പോർട്ടൽ സാങ്കേതിക പിന്തുണ നൽകാതിരുന്ന സാഹചര്യത്തിലാണ് ഈ സാമ്പത്തിക വർഷം സ്കോളർഷിപ്പ് സംബന്ധിച്ച നടപടികൾ വൈകിയത്. ഇതേ തുടർന്ന് സംസ്ഥാന സർക്കാർ സി-ഡിറ്റിന്റെ സഹായത്തോടെ പുതിയ സോഫ്റ്റ് വെയർ രൂപീകരിച്ചാണ് തുടർപ്രവർത്തനങ്ങൾ നടത്തിയത്.

സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള തുക ഫെബ്രുവരി മാസം ആദ്യവാരം വിതരണം ചെയ്യും. പി.എം.ജെ.വി.കെ. പദ്ധതികൾക്ക് 2023-ന് ശേഷം കേന്ദ്രം തുക അനുവദിച്ചിട്ടില്ല. സംസ്ഥാന കേന്ദ്ര വിഹിതങ്ങളായി 40 കോടി രൂപ വീതം 2022-23 സാമ്പത്തിക വർഷം മുതൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

**സെക്ഷൻ ഓഫീസർ**